**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1435**      30-01-2018 -ൽ മറുപടിക്ക്

## ദേശീയ ദുരന്തനിവാരണ നിധിയിൽ നിന്നും ലഭിച്ച വരൾച്ചാ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കഴിഞ്ഞ വർഷം സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നും ലഭിച്ച ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) ബി), & സി) | കഴിഞ്ഞ വർഷം സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധി (NDRF) യിൽ നിന്നും 112.05 കോടി രൂപയും നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)-ന്റെ സ്പെഷ്യൽ കമ്പോണന്റിൽ നിന്നും 13.42 കോടി രൂപയും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായി കേന്ദ്ര കൃഷി വകുപ്പിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത ധനസഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭിച്ചതായി കാണുന്നില്ല. 992.5 കോടി രൂപയുടെ ധനസഹായമാണ് കേരളം സന്ദർശിച്ച കേന്ദ്ര സംഘത്തോട് വരൾച്ച പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരുന്നത്. |
| ബി) | വരൾച്ചയുടെ ആഘാതം വിലയിരുത്തുന്നതിന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തോട് എത്ര കോടി രൂപ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്താമോ; | | |
| സി) | ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നും ലഭിച്ച ധനസഹായം ഏതൊക്കെ മേഖലയിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ